## പതിമൂന്നാം കേരള നിയമസഭ

### ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2610 | 19.12.2012ൽ മറുപടിയ്ക്ക്

## കുട്ടമ്പേരൂരാറിന്റെ നവീകരണം

ചോദ്യം : ശ്രീ. പി. സി. വിഷ്ണുനാഥ്

ഉത്തരം: ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) ആലപ്പുഴ ജില്ലയിൽ ഉൾപ്പെട്ട ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലൂടെ കടന്നു പോകുന്ന പമ്പ, അച്ചൻ കോവിലാറുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കുട്ടമ്പേരൂരാറിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത നദിയിൽ ജലജന്യരോഗങ്ങൾക്ക് കാരണമാകുന്ന കോളിഫാം ബാക്ടീരിയ പെരുകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ; എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (ബി) മലിനീകരണ നിയന്ത്രണ ബോർഡിന്റെ മോണിറ്ററിംഗ് സ്റ്റേഷനുകളിൽ കുട്ടമ്പേരൂർ ആറ് ഉൾപ്പെടുന്നില്ല. മേൽവിഷയം പരിശോധിക്കുന്നതിനായി ബോർഡിൽ നിന്നും കുട്ടമ്പേരൂർ ആറിന്റെ നിലവിലെ ജലഗുണനിലവാരം തിട്ടപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) പ്രസ്തുത നദിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് നവീകരണം നടത്തി നീരൊഴുക്ക് സുഗമമാക്കി സഞ്ചാരയോഗ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ? | (സി) പ്രസ്തുത നദികളിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി ജില്ലാകളക്ടറുടെ നേതൃത്വത്തിലാണ് നടപടികൾ സ്വീകരിക്കേണ്ടത്. |

സെക്ഷൻ ഓഫീസർ